കണ്ടുകെട്ടൽ നടപടി പൂർത്തിയായിട്ടുള്ള സ്പിരിറ്റിന്റെ കാര്യത്തിൽ ബന്ധപ്പെട്ട കോടതിയുടെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും, അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന സ്പിരിറ്റ് ഗുണനിലവാരം കുറവാണെന്നതിനാലും മാലിന്യങ്ങൾ ഉണ്ടെന്നതിനാലും അംഗീകൃത ലൈസൻസികൾ എടുക്കുവാൻ താൽപ്പര്യം കാണിക്കാത്തതുമാണ് തീർപ്പുകൽപ്പിക്കുന്നതിനുള്ള പ്രധാനപ്പെട്ട തടസ്സങ്ങൾ.

(ഡി) ഉണ്ട്.

(ഇ) കണ്ടുകെട്ടൽ നടപടി പൂർത്തിയായിട്ടുള്ള സ്പിരിറ്റ് നിയമാനുസൃതം ലിറ്ററിന് 10 രൂപ (പത്ത് രൂപ) നിരക്കിൽ അംഗീകൃത ലൈസൻസുള്ള പൊതുമേഖലാ ഡിസ്റ്റിലറികൾ, ഫാർമസ്യൂട്ടിക്കലുകൾ, ബ്ലെൻഡിംഗ് യൂണിറ്റുകൾ എന്നിവക്ക് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

(എഫ്) നിലവിലുള്ള അബ്കാരി നിയമം സെക്ഷൻ 53-എ, 67-ബി, 67-ഇ, 67-എഫ് എന്നിവ പ്രകാരം കണ്ടുകെട്ടുന്ന വാഹനങ്ങളും വസ്തുക്കളും സംബന്ധിച്ച കേസ് വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

റേഷനിംഗ് പ്രശ്നങ്ങളെക്കുറിച്ച് പഠനം

31 [5485] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ രംഗത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിതരണ രംഗത്ത് നിലവിലുണ്ടായിരുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ സിവിൽ സപ്ലൈസ് ഡയറക്ടർ ശ്രീ. എം. ശിവശങ്കറിനെ സർക്കാർ 7-8-2001-ൽ ചുമതലപ്പെടുത്തിയിരുന്നു.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തെരഞ്ഞെടുത്ത റേഷൻ ഷോപ്പുകളുടെ മാതൃകയിൽ എല്ലാ റേഷൻ കടകളിലും പലവ്യഞ്ജനങ്ങളുടെ വിൽപ്പനകൂടി ഏറ്റെടുത്ത് അവയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുക, റേഷൻ വ്യാപാരികൾക്ക് നൽകി വരുന്ന കമ്മീഷൻ വർദ്ധിപ്പിക്കുക, സൗജന്യ റേഷൻ അനുവദിക്കുന്ന സന്ദർഭങ്ങളിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന് നൽകുക, സൗജന്യ റേഷന് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ വില രണ്ടാഴ്ചക്കകം നൽകുക, റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷനും റേഷൻ സാധനങ്ങളുടെ വില വർദ്ധിക്കുമ്പോൾ വ്യാപാരികൾ സർക്കാരിലേക്ക് അടയ്ക്കേണ്ടതായ വില വ്യത്യാസ തുകയും മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കുന്നതിനുള്ള ഒരു പാക്കേജ് ഉണ്ടാക്കുക, കേരള റേഷനിംഗ് ഓർഡർ നടപടി ക്രമങ്ങൾ ലളിതവും സാധാരണ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദവുമായ രീതിയിൽ പരിഷ്കരിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീട്ടു നമ്പർ അനുവദിച്ചു നൽകാത്ത വീടുകളിലെ താമസക്കാർക്കും റേഷൻ കാർഡ് അനുവദിക്കുക എന്നിവയാണ് കമ്മീഷന്റെ പ്രധാന ശുപാർശകൾ.

(ഡി) 29-11-2002-ലെ എംഎസ്. 49/2002/ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ അംഗീകൃത റേഷൻ മൊത്ത വ്യാപാരികളുടെയും, അംഗീകൃത റേഷൻ ചില്ലറ വ്യാപാരികളുടെയും കമ്മീഷൻ പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീട്ടുനമ്പർ അനുവദിച്ചു നൽകാത്ത വീടുകളിലെ താമസക്കാർക്കും റേഷൻ കാർഡ് അനുവദിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. കേരളാ റേഷനിംഗ് ഓർഡർ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കേന്ദ്രം നൽകുന്ന അരി സബ്സിഡി നൽകി എല്ലാവർക്കും ഒരേ വിലയ്ക്ക് നൽകാൻ നടപടി

32 [5486] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, വി. കെ. സി. മമ്മത് കോയ:
,, മത്തായി ചാക്കോ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ.-നു കീഴിൽ എത്ര ശതമാനം പേർക്ക് റേഷൻ വിതരണം നടത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; ഇതിൽ എന്തെങ്കിലും വർദ്ധനവ് സംസ്ഥാന സർക്കാർ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ബി. പി. എൽ., എ. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ ഓരോ വിഭാഗത്തിൽപ്പെട്ടവർക്കും കിലോഗ്രാമിന് എത്ര രൂപ സബ്സിഡി നൽകുന്നുണ്ടെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly